**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റീസർവ്വേ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട്, ആറ്റിങ്ങൽ-അവനവൻചേരി വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് വില്ലേജിലെ ഭൂരിഭാഗം വരുന്ന പഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന ഭാഗം റീസർവ്വെ നടപടികൾ പൂർത്തിയാക്കി 01/06/2005 ന് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ടി വില്ലേജിന്റെ മുൻസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുവരുന്ന ഭാഗം റീസർവ്വെ ജോലികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, പ്രസ്തുത നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടി ബ്ലോക്കിന്റെ റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്.<br><br>ആറ്റിങ്ങൽ വില്ലേജിൽ ആകെയുള്ള 122 ബ്ലോക്കുകളിൽ 77 ബ്ലോക്കുകളുടെ ഫീൽഡ് ജോലികളും, 30 ബ്ലോക്കുകളുടെ ഓഫീസ് ജോലികളും പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 45 ബ്ലോക്കുകളുടെ ഫീൽഡ് ജോലികളും 92 ബ്ലോക്കുകളുടെ ഓഫീസ് ജോലികളും പുരോഗതിയിലാണ്.<br><br>ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയുടെ ഭാഗമായ അവനവഞ്ചേരി വില്ലേജിന്റെ ലൊക്കേഷൻ, ഡിമാർക്കേഷൻ എന്നീ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ